LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ

27(531) ശ്രീ. പി. ഉബൈദുള്ള: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനു കീഴിൽ മലപ്പുറം നഗരസഭയിൽ ഓഫീസർ തസ്തിക ഇല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) മലപ്പുറം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് അധിക ചുമതല നൽകിയിരിക്കുന്നതുമൂലം രണ്ട് ഓഫീസുകളിലേയും വികസന പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് സാധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ സാഹചര്യത്തിൽ ജില്ലാ ആസ്ഥാനം കൂടി ഉൾപ്പെടുന്ന മലപ്പുറം നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ?

പരിശോധിക്കുന്നതാണ്.

പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും

28(532) ശ്രീ. എൻ. ഷംസുദ്ദീൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വകുപ്പുകളിൽ വിവിധ പദ്ധതികൾക്കായി ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ചുള്ള വിശദമായ വിവരം ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം I ആയി ചേർക്കുന്നു*. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് വരുന്നു.

* നിയമസഭാ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ

(ബി) പ്രസ്തുത വകുപ്പുകളിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലായെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന സ്കീമുകളിൽ ആവശ്യമായ രേഖകൾ ഗുണഭോക്താക്കൾ യഥാസമയം ഹാജരാക്കാൻ കഴിയാതെ വരുമ്പോൾ തുകകൾ യഥാസമയം റിലീസ് ചെയ്യാൻ കഴിയുന്നില്ല. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നിർവ്വഹണം നടത്തി ബിൽ സമർപ്പിക്കുന്ന മുറയ്ക്കാണ് തുകകൾ നൽകുന്നത്. ഇതിനുണ്ടാകുന്ന കാലതാമസം വാർഷിക പദ്ധതി ചെലവുകൾ കുറയുന്നതിന് കാരണമാകുന്നു. 2018-19, 2019-20 കാലയളവുകളിലെ പ്രളയങ്ങൾ, കോവിഡ് 19 മൂലമുണ്ടായ ലോക്ഡൗണുകൾ എന്നിവ പദ്ധതി നിർവ്വഹണത്തെയും അതിന്റെ ചെലവിനെയും സ്വാധീനിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2016-17 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ 2019-20 വർഷം ഒഴികെ ബാക്കി 4 വർഷങ്ങളിൽ ശരാശരി 92.48% തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തിൽ 62.49% തുക മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. 2018,2019 വർഷങ്ങളിലെ പ്രളയക്കെടുതി കാരണം 2019-20 വർഷം സാമ്പത്തിക നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. ടി സാമ്പത്തിക വർഷത്തിന്റെ അവസാനം പദ്ധതിനിർവ്വഹണം പൂർത്തീകരണ അവസ്ഥയിൽ ആയിരുന്നെങ്കിലും കോവിഡ് മഹാമാരിയെ തുടർന്ന് വർഷാന്ത്യത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞില്ല.

അംബേദ്കർ ഗ്രാമവികസന പദ്ധതി

29(533) ശ്രീ. ലിന്റോ ജോസഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly